"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡന്റൽ സർജന്മാരുടെ സർവ്വീസിൽ നിന്നുള്ള വിരമിക്കൽ പ്രായം 56 നിന്നും 60 വയസ്സാക്കി ഉയർത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.2/2022/തൊഴിൽ    തീയതി,തിരുവനന്തപുരം, 07/01/2022

---

പരാമർശം:- 1) 26.02.2014 തീയതിയിലെ സ.ഉ(കൈ) നം.31/2014/തൊഴിൽ.

2) 27.06.2014 തീയതിയിലെ സ.ഉ(കൈ) നം.74/2014/തൊഴിൽ.

3) കേരള ഗവൺമെന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ (KGIMOA) സെക്രട്ടറിയുടെ 06.07.2020 തീയതിയിലെ നിവേദനം.

4) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 06.01.2021 ലെ ബി2-23851/2015/ഡി.ഐ.എം.എസ് നമ്പർ കത്ത്.

ഉത്തരവ്

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ എം.ബി.ബി.എസ് ബിരുദധാരികളായ ഡോക്ടർമാരുടെ പെൻഷൻ പ്രായം പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം 58 ആയും തുടർന്ന് പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം 60 ആയും ഉയർത്തി നൽകിയിരുന്നു.

2) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഡന്റൽ സർജന്മാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം കേരള ഗവൺമെന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ (KGIMOA) സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. നിലവിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡന്റൽ സർജന്മാരുടെ വിരമിക്കൽ പ്രായം 56 വയസ്സാണ്. ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും എം.ബി.ബി.എസ് ബിരുദധാരികളായ ഡോക്ടർമാരുടേയും ബി.ഡി.എസ് യോഗ്യതയുള്ള ഡോക്ടർമാരുടേയും വിരമിക്കൽ പ്രായം തുല്യമായതിനാൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസിലെ ഡന്റൽ സർജൻമാരുടെ പെൻഷൻ പ്രായം ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാരുടേതിന് തുല്യമാക്കി ഉയർത്തണമെന്ന അപേക്ഷ അനുഭാവപൂർവം പരിഗണിക്കണം എന്ന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡന്റൽ സർജൻമാരുടെ വിരമിക്കൽ പ്രായം 56 വയസ്സിൽ നിന്നും 60 വയസ്സാക്കി

ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള ഗവൺമെന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ (KGIMOA)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 476, തീയതി: 05.01.2022)
ധനകാര്യ വകുപ്പ് (23.10.2021 ലെ നം.1795504/LBR-1/192/2021-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-01-2022

ഫയൽ നം. എഫ്1/182/2020/തൊഴിൽ. ഇനം നം: 476

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡന്റൽ സർജന്മാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

AS/SU
For urgent action
6/1/22

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

476

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എഫ്1/182/2020/ തൊഴിൽ |
| 2 | വകുപ്പ് | : | തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ് |
| 3 | വിഷയം | : | ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഡന്റൽ സർജന്മാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 13.12.2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.സി.എസ്.ശ്രീകല |
| 8 | കരട് കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി.മിനി ആന്റണി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.12.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.12.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28.12.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28.12.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഡന്റൽ സർജന്മാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തണമെന്ന ആവശ്യമാണ് ഈ കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ എം.ബി.ബി.എസ്. ബിരുദധാരികളായ മെഡിക്കൽ ഓഫീസർമാരുടെ പെൻഷൻ പ്രായം നിലവിൽ 60 വയസ്സും ഡന്റൽ സർജൻമാരുടേത് 56 വയസ്സുമാണ്.

3) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഡന്റൽ സർജന്മാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് കേരള ഗവൺമെന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ (KGIMOA) സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും എം.ബി.ബി.എസ് ബിരുദധാരികളായ ഡോക്ടർമാരുടേയും ബി.ഡി.എസ് യോഗ്യതയുള്ള ഡോക്ടർമാരുടേയും വിരമിക്കൽ പ്രായം തുല്യമായതിനാൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസിലെ ഡന്റൽ സർജൻമാരുടെ പെൻഷൻ പ്രായം ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാരുടേതിന് തുല്യമാക്കി ഉയർത്തണമെന്ന അപേക്ഷ അനുഭാവപൂർവം പരിഗണിക്കണം എന്ന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

4) മെഡിക്കൽ ഓഫീസർമാരുടെ PSC List നിലവിലില്ലാത്ത സാഹചര്യത്തിലും ഡോക്ടർമാരുടെ രൂക്ഷമായ ദൗർലഭ്യം കണക്കിലെടുത്തുമുണ്ടായ പ്രത്യേക സാഹചര്യത്തിലാണ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി വിഭാഗം ഡോക്ടർമാരുടെ പെൻഷൻ പ്രായം 58 ആയും തുടർന്ന് 60 ആയും ഉയർത്തിനൽകിയിട്ടുള്ളത്. ഇതിന്റെ ചുവട് പിടിച്ച് വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തണമെന്ന വകുപ്പിലെ ഡന്റൽ സർജൻമാരുടെ ആവശ്യം സർക്കാർ

നിരാകരിച്ചിരുന്നു. തുടർന്ന്, ഇതേ ആവശ്യം ഉന്നയിച്ച് വകുപ്പിലെ രണ്ട് ഡന്റൽ സർജൻമാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത കേസ്സിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, പെൻഷൻ പ്രായം 60 വയസ്സായി നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് അലോപ്പതി വിഭാഗം മെഡിക്കൽ ഓഫീസർമാർക്ക് മാത്രമാണ് ബാധകമെന്നും ഡന്റൽ സർജൻമാർക്ക് ബാധകമാകുകയില്ലെന്നും വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ വെളിച്ചത്തിൽ 56 വയസ്സ് പൂർത്തീകരിച്ചതിനുശേഷവും ബഹു.ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ തുടർന്നിരുന്ന ടി ഡന്റൽ സർജൻമാരെ 20.12.2019 ന് സേവനത്തിൽ നിന്നും പിരിച്ചു വിട്ടുകൊണ്ട് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ, ഇതിനെതിരെ ഇവർ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA 2617/2019 നമ്പർ കേസ് ഫയൽ ചെയ്യുകയും ടി കേസിലെ ഇടക്കാല ഉത്തരവിൽ ഹർജിക്കാരെ ഒരു മാസം സേവനത്തിൽ retain ചെയ്യാൻ നിർദേശിക്കുകയും ചെയ്തിരുന്നു. തുടർന്ന് ബഹു.ട്രൈബ്യൂണലിന്റെ ടി ഇടക്കാല ഉത്തരവിനെതിരെ സർക്കാർ ബഹു.ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ (OP KAT 66/2020) ഫയൽ ചെയ്തു. ബഹു.ഹൈക്കോടതിയുടെ 14.02.2020 ലെ ഉത്തരവ് പ്രകാരം സർക്കാർ ഫയൽ ചെയ്ത അപ്പീൽ അനുവദിക്കുകയും ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവ് vacate ചെയ്യുകയും ചെയ്തു; ഹർജിക്കാരെ സേവനത്തിൽ തുടരാൻ നിർദ്ദേശം നൽകിയതുമില്ല.

5) ബഹു.ട്രൈബ്യൂണൽ ഉത്തരവിനെത്തുടർന്ന് ഡയറക്ടർ പ്രസ്തുത ഒഴിവ് പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും ടി ഒഴിവുകളിലേയ്ക്ക് പി.എസ്.സി മുഖേന നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ബഹു.ഹൈക്കോടതി നിർദ്ദേശം വന്ന് രണ്ട് വർഷത്തോളമായിട്ടും OA 2617/2019 കേസിൽ ബഹു.ട്രൈബ്യൂണൽ അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല.

6) അലോപ്പതി ഡോക്ടർമാരുടെ രൂക്ഷമായ ദൗർലഭ്യം കണക്കിലെടുത്താണ് അവരുടെ പെൻഷൻ പ്രായം ഉയർത്തുന്നതിന് ഗവൺമെന്റ് നിർബന്ധിതമായത്. അലോപ്പതി ഡോക്ടർമാരുടെ പെൻഷൻ പ്രായം ഉയർത്തിയതുമായി ബന്ധപ്പെട്ട അടിയന്തിര സാഹചര്യം ഡന്റൽ സർജൻമാരുടെ കാര്യത്തിൽ സംജാതമായിട്ടുമില്ല

ഡന്റൽ സർജന്മാരുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ പെൻഷൻ പ്രായം ഉയർത്തുന്നത് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുളള ഉദ്യോഗാർത്ഥികളെ പ്രതികൂലമായി ബാധിക്കുന്നതാണ്.

7) ഇക്കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ഇപ്രകാരമാണ്:-

**"ശിപാർശ തൽക്കാലം മാറ്റി വയ്ക്കുവാൻ അറിയിക്കുന്നു. ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."**

8) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട കാര്യം</u>**

ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡന്റൽ സർജന്മാരുടെ വിരമിക്കൽ പ്രായം 56 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്തി നൽകേണ്ടതുണ്ടോ?

GOVERNMENT OF KERALA

**(SHRI.PINARAYI VIJAYAN MINISTRY)**

NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1. | File No. | : | F1/182/2020/LBR |
| 2. | Department | : | Labour &Skills (F) Department |
| 3. | Subject | : | Raising the retirement age of Dental Surgeons in Insurance Medical Services Department from 56 years to 60 years -Reg. |
| 4. | Date of Chief Minister's order for placing before the Council | : | 13.12.2021 |
| 5. | (i) Does the case involve financial commitments/implications. | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Smt.C.S.Sreekala |
| 8. | Name of Secretary who approved the Draft Note | : | Smt.Mini Antony |
| 9. | Date of approval of the Draft Note for the Council by the Secretary | : | 22.12.2021 |
| 10. | Name of Chief Secretary who approved the Draft Note | : | Dr.V.P.Joy |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 22.12.2021 |
| 12. | Name of Minister who approved the Draft Note | : | Sri. V.Sivankutty |
| 13. | Date of approval of the Draft Note for the Council by the Minister | : | 28.12.2021 |
| 14. | Date of submission of fair copies | : | 28.12.2021 |
| 15. | Date of decision by the Council of Ministers. | : | |
| 16. | Number and date of the G.O./letter communicating the decision. | : | |

## NOTE FOR THE COUNCIL OF MINISTERS

This note contains the request for enhancing the retirement age of Dental Surgeons in the Insurance Medical Services Department from 56 years to 60 years.

2) At present the retirement age of MBBS qualified Medical Officers and Dental Surgeons in Insurance Medical Services Department are 60 years and 56 years respectively.

3) Kerala Government Insurance Medical Officers Association (KGIMOA) has represented before Government with a request for enhancing the retirement age of Dental Surgeons in the Insurance Medical Services Department to 60 years. Since the retirement age of both the MBBS Graduates and the BDS Graduates are same in Medical Education Department and Health Services Department, Director of Insurance Medical Services Department has recommended to consider their request favourably.

4) The retirement age of Allopathy Doctors in the Insurance Medical Services Department was enhanced to 58 years and later to 60 years in a peculiar situation in the absence of PSC list for Medical Officers and on account of acute shortage of doctors. Following this, the Dental Surgeons in the Department had raised the same demand and Government after having examined the matter and rejected the proposal. In pursuance of the direction contained in the order of Hon'ble KAT in a case filed by two Dental Surgeons in the Department, Government had issued orders

clarifying that the retirement age is only applicable to Allopathic Doctors and not applicable to Dental Surgeons and subsequently these two Dental Surgeons who were continued in service after 56 years, based on the interim order of the Hon'ble KAT, were terminated from service by the Director. Aggrieved by this, they have filed OA No.2617/2019 before the Hon'ble KAT and in the interim order there was a direction to retain the Applicants in service for a month. After that Government have filed OP(KAT)No.66/2020 before the Hon'ble High Court against the said interim order and the Hon'ble High Court in its Judgment dated 14.02.2020 have allowed the appeal filed by the Government and vacated the interim order of Hon'ble KAT and not to direct to continue the petitioners in service.

5) In pursuance of the order of the Hon'ble KAT, Director, Insurance Medical Services Department has reported the said vacancies to KPSC and the vacancies were filled up. The Hon'ble KAT has not pronounced final order in OA No.2617/2019 even after two years.

6) The acute shortage of doctors in Modern Medicine in the Department virtually prompted the Government to enhance the retirement age of Allopathic Doctors; such an emergency situation does not arise in the case of Dental Surgeons. The ranked list of Assistant Dental Surgeons in the Insurance Medical Services Department is existing and if the retirement age is raised to 60 years, it will adversely affect the candidates included in the list.

7) The opinion of the Finance Department in this regard is as follows:-

"ശിപാർശ തൽക്കാലം മാറ്റി വയ്ക്കുവാൻ അറിയിക്കുന്നു. ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

8) The Hon'ble Chief Minister has ordered to place the matter before the Council of Ministers.

## POINT FOR DECISION

Whether the retirement age for Dental Surgeons in the Insurance Medical Services Department be raised from 56 years to 60 years, over ruling the opinion of the Finance Department?

---